LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റി കൂടുതൽ മെച്ചപ്പെടുത്താൻ നടപടി

51 [147] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേയ്ക്ക് പൂർണ്ണമായി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു തിയതിയ്ക്കകം മാറ്റുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്ഘാടനം കഴിഞ്ഞ 400 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിൽ അവശേഷിക്കുന്ന പണികൾ എന്തെല്ലാമാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ;

(ഡി) മുളങ്കുന്നത്തുകാവ് കാമ്പസിൽ മെഡിക്കൽകോളേജ് വികസനത്തിനായി തുടർന്ന് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവിടെ ആവശ്യത്തിനു ജീവനക്കാരും, സെക്യൂരിറ്റി ജീവനക്കാരും ഇല്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേയ്ക്ക് പൂർണ്ണമായും മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ വർഷം തന്നെ മാറ്റുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്രീകൃത ശീതീകരണ സംവിധാനവും മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈനുമാണ് പ്രധാനമായും പൂർത്തിയാക്കാനുള്ള പണികൾ. കൂടാതെ അൻപതു ലക്ഷം രൂപ ചെലവഴിച്ച് ഒരു ഇൻസിനിറേറ്റർ കൂടി സ്ഥാപിക്കാനുണ്ട്. ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 77 ലക്ഷം രൂപയുടെ മലിനജല സംസ്കരണ പദ്ധതി, 1200 കിടക്കകളുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ, കാൻസർ രോഗ ചികിത്സയ്ക്കായിട്ടുള്ള 1.20 കോടി രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആണ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

(ഇ) മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി 92 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യം വേണ്ട സെക്യൂരിറ്റിക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ദന്തൽ കോളേജിന് സ്വതന്ത്രഭരണ പദവി

52 [148] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ദന്തൽ കോളേജിന് സ്വതന്ത്ര ഭരണ പദവി ലഭിച്ചത് എന്ന് മുതലാണ്;

(ബി) പ്രസ്തുത കോളേജിൽ ബിരുദ പഠനത്തിനായി ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിട്ടുള്ള എല്ലാ വകുപ്പുകളും ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകളാണ് ആരംഭിക്കുവാനുള്ളത്;

(സി) മെഡിക്കൽ വിഷയങ്ങളായ പാത്തോളജി, ഫാർമക്കോളജി, മൈക്രോ ബയോളജി എന്നിവ പഠിപ്പിക്കുന്നതിനായി ദന്തൽ കോളേജിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം ദന്തൽ കോളേജിലെ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അദ്ധ്യാപകർ അദ്ധ്യാപനം നടത്താറുണ്ടോ;

(എഫ്) അവർക്ക് അധിക വേതനം നൽകിവരുന്നുണ്ടോ; പ്രസ്തുത അധിക വേതനം സ്വീകരിക്കാതെ അദ്ധ്യാപനം നടത്താൻ തയ്യാറായ അധ്യാപകരുണ്ടോ;

(ജി) അങ്ങനെയുള്ള അധ്യാപകരെയാരെയെങ്കിലും പ്രസ്തുത ചുമതലയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(എച്ച്) സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതരത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് അധ്യാപകർക്ക് ഇക്കാര്യത്തിൽ നൽകിവരുന്ന അധിക വേതനം നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ദന്തൽ കോളേജിന് 4-3-1996-ലാണ് സ്വതന്ത്ര ഭരണ പദവി ലഭിച്ചത്.

(ബി) ബിരുദ പഠനത്തിനായി ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിട്ടുള്ള എല്ലാ വകുപ്പുകളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly